# THRIKOTHAMANGALAM
# ST. MARY'S CHURCH



**പു**തുപ്പള്ളി സെന്റ് ജോർജ്ജ് വലിയപള്ളി ഇടവകക്കാരായ തൃക്കോതമംഗലം ഭാഗക്കാരായ വിശ്വാസികൾക്ക് ആരാധനയ്ക്ക് ഒരു ദേവാലയം വേണമെന്ന ആലോചനയിൽ കോതകരിയിൽ നൈനാൻ നൈനാൻ ഒരേക്കർ സ്ഥലം സൗജന്യമായി നൽകി. ഈ സ്ഥലത്ത് എറികാട് കൂട്ടുങ്കൽ ഗീവർഗീസ് അച്ചൻ ആലുവായിലെ വലിയതിരുമേനിയിൽ നിന്ന് അനുവാദം വാങ്ങി പള്ളിപണി ആരംഭിച്ചു.

കോട്ടയം ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തയായ നി.വ.ദി.ശ്രി. മീഖായേൽ മോർ ദീവന്നാസിയോസ് തിരുമേനി ദൈവമാതാവിന്റെ നാമത്തിൽ പള്ളി സ്ഥാപിക്കുന്നതിന് കൽപ്പന നൽകി.

പള്ളിപണിയും പള്ളിമുറിയുടെ പണിയും തീർന്ന് 1103 മകരമാസം 15–ാം തീയതി ദൈവമാതാവിന്റെ വിത്തുകളെപ്രതിയുള്ള പെരുനാൾ ദിവസം ശ്രേഷ്ഠ പിതാക്കന്മാരായ ഏലിയാസ് മോർ യൂലിയോസ് ബാവാ, കുന്നംകുളത്ത് കബറടങ്ങിയിരിക്കുന്ന സ്ലീബാ മോർ ഒസ്താത്തിയോസ്, മീഖായേൽ മോർ ദീവന്നാസിയോസ് എന്നിവരുടെ കാർമ്മികത്വത്തിൽ പള്ളിയുടെ കൂദാശ നിർവ്വഹിക്കപ്പെട്ടു. പള്ളി മുറി അന്നുതന്നെ വൈകുന്നേരം ഒസ്താത്തിയോസ് തിരുമേനിയും മീഖായേൽ മോർ ദീവന്നാസിയോസ് തിരുമേനിയും കൂടി ചേർന്ന് കൂദാശ നടത്തി. കൂദാശമദ്ധ്യേ പ്രസംഗത്തിൽ ഇവിടെ താമസിക്കുന്ന ആൾ ദയറാക്കാരനായതുകൊണ്ട് ഇനിമുതൽ ഇവിടം ദയറാ എന്നറിയപ്പെടുമെന്ന് തിരുമേനി പറഞ്ഞു. അച്ചന്റെ ആഗ്രഹപ്രകാരം മോർ ശർബ്ബീൽ ദയറായെന്ന് നാമകരണം ചെയ്യുകയും ചെയ്തു. ദയറായിൽ കുട്ടികൾ സുറിയാനി പഠിക്കുന്നതിന് വന്നുതുടങ്ങി. സമീപപ്രദേശങ്ങളിൽ നിന്നും അച്ചന്റെ ശുശ്രൂഷയിൽ സംബന്ധിക്കുന്നതിന് സത്യവിശ്വാസികൾ ധാരാളമായി എത്തിക്കൊണ്ടിരുന്നു.

1106 മകരമാസം 12 ന് പരിശുദ്ധ ഏലിയാസ് തൃതീയൻ ബാവാ ഇവിടെ എഴുന്നള്ളി. ബാവാ 15 ദിവസത്തെ ഇവിടുത്തെ താമസത്തിനുശേഷം നീലംപേരൂർക്ക് യാത്രയായി.

**ശർബീൽ ദയറ**

ഗീവർഗീസ് അച്ചൻ പള്ളിമുറിയിൽ താമസം ആരംഭിച്ചതോടുകൂടി സൺഡേസ്കൂൾ പഠിപ്പിക്കലും കുട്ടികൾക്ക് സുറിയാനി പഠനവും തുടങ്ങി. ഈയവസരത്തിലാണ് മീഖായേൽ മോർ ദീവന്നാസിയോസ് തിരുമനസ്സുകൊണ്ട് ബഹു. ഗീവർഗീസ് അച്ചനെ റമ്പാൻ പദവിയിലേയ്ക്ക് ഉയർത്തിയത്. അതോടുകൂടി വിവിധ സ്ഥലങ്ങളിൽനിന്ന് വന്ന് ഈ ദയറായിൽ താമസിച്ച് സുറിയാനി പഠിക്കുന്നവരുടെ എണ്ണം കൂടിക്കൊണ്ടിരുന്നു. 40 വിദ്യാർത്ഥികൾ ഇവിടെ ഒരേസമയം പഠിച്ചിരുന്നു. ചിറപ്പുറത്ത് ജീസസ് കോറെപ്പിസ്കോപ്പ, ചിറത്തലാട്ട് സി.വി. ജോർജ്ജ് കോറെപ്പിസ്കോപ്പ, യാക്കോബ് മോർ തീമോത്തിയോസ് തിരുമേനി, യാക്കോബ് മോർ യൂലിയോസ് തിരുമേനി, യൂഹാനോൻ മോർ സേവേറിയോസ് തിരുമേനി, കടിയൻതുരുത്തിൽ യേശു കത്തനാർ, പാതിയപ്പള്ളിൽ കുര്യാക്കോസ് കശ്ശീശ എന്നിവർ ഈ ദയറായുടെ സന്താനങ്ങളാണ്.

**ഇടവകയിലെ പട്ടക്കാർ**

ചിറപ്പുറത്ത് ജീസസ് കോറെപ്പിസ്കോപ്പ 1945 മുതൽ 1994 വരെ ഇടവകയെ നയിച്ചു. അച്ചന്റെ കാലത്താണ് പഴയ പള്ളി പൊളിച്ച് ഇന്നത്തെ പള്ളി പണിതത്. 1971 ജനുവരി 15 ന് പുതുക്കിയ ദേവാലയത്തിന്റെ കൂദാശ കൊച്ചി ഭദ്രാസനാധിപൻ യൂഹാനോൻ മോർ സേവറിയോസ് തിരുമേനി നിർവ്വഹിക്കുകയുണ്ടായി. അച്ചന്റെ പാവനസ്മരണ നിലനിർത്തുന്നതിനായി ഇടവക ഒരു ധ്യാനനിലയം പണിത് സമർപ്പിക്കുകയുണ്ടായി. കുമരകം ആറ്റാമംഗലംപള്ളി വികാരിയായി സേവനം അനുഷ്ഠിക്കുന്ന കോതകരിയിൽ ഏബ്രഹാം കോറെപ്പിസ്കോപ്പയും അമേരിക്കയിലെ അരിസോണ പള്ളിയിൽ സേവനം ചെയ്യുന്ന കോതകരിയിൽ ജോൺ അച്ചനും അമേരിക്കയിലെ ചിക്കാഗോയിൽ സേവനം നിർവ്വഹിക്കുന്ന കടവിൽ ഏബ്രഹാം അച്ചനും ഈ ഇടവകയുടെ സന്താനങ്ങളാണെന്നത് ഏറെ സന്തോഷദായകമാണ്.

**മിഖായേൽ മോർ ദീവന്നാസ്യോസ് പബ്ലിക് സ്കൂൾ**

സി.ബി.എസ്.ഇ. സിലബസ് അനുസരിച്ച് 2000 ജൂൺ മാസം മുതൽ ഈ പള്ളിയുടെ കീഴിൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ പ്രവർത്തിച്ചുവരുന്നു. എൽ.കെ.ജി. മുതൽ 6 വരെയുള്ള ക്ലാസ്സുകളിലായി 200 ഓളം കുട്ടികൾ പഠിച്ചുവരുന്നു. സമീപപ്രദേശങ്ങളിലുള്ള പാവപ്പെട്ട കുട്ടികൾക്ക് നല്ല ഇംഗ്ലീഷ് വിദ്യാഭ്യാസം കൊടുക്കുവാൻ ഇതിലൂടെ ഇടവകയ്ക്ക് കഴിയുന്നു. ദേവാലയത്തിനടുത്ത് ഒന്നര ഏക്കർ സ്ഥലം വാങ്ങുവാനും അവിടെ സ്കൂൾ കെട്ടിടം പണി ആരംഭിക്കുവാനും സാധിച്ചിട്ടുണ്ട്.

**മറ്റ് പ്രവർത്തനങ്ങൾ**

ഇടവകയിൽ സൺഡേസ്കൂൾ, യൂത്ത് അസോസിയേഷൻ, മർത്തമറിയം സമാജം എന്നീ ആദ്ധ്യാത്മിക സംഘടനകൾ സജീവമായി പ്രവർത്തിച്ചുവരുന്നു. എഴുപത്തഞ്ചോളം കുടുംബങ്ങൾ ഇടവകയിൽ ഇപ്പോൾ ഉണ്ട്.

കോതകരിയിൽ വന്ദ്യ ഏബ്രഹാം കോറെപ്പിസ്കോപ്പയുടെ നേതൃത്വത്തിൽ തുക സമാഹരിച്ച് സൗകര്യപ്രദമായ ഒരു ആഡിറ്റോറിയം പണിയുകയുണ്ടായി. പരി. ഏലിയാസ് തൃതീയൻ ബാവായുടെ നാമത്തിൽ ചിറത്തലാട്ട് ശ്രീ. സി. സി. കുര്യൻ പള്ളിക്ക് ഒരു കുരിശുപള്ളി നിർമ്മിച്ചു നൽകി. ഫാ. കുര്യാക്കോസ് പ്ലാംപറമ്പിൽ വികാരിയായും ഫാ. ഷൈജു ജോസ് ചെന്നിക്കര സഹവികാരിയായും ഇപ്പോൾ സേവനം നിർവ്വഹിക്കുന്നു.

*Source: Kottayam Diocese Souvenir, 2007*

syrianchurch.org